**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5098** **20-03-2025 - ൽ മറുപടിയ്ക്ക്**

**ഭൂമി തരംമാറ്റലിനുള്ള അപേക്ഷ അപ്പീലിന്മേലുള്ള തീരുമാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. സുജിത് വിജയൻപിള്ള | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | ഭൂമിയുടെ തരംമാറ്റത്തിന് നൽകുന്ന അപേക്ഷകൾ കൃഷി ഓഫീസറുടെ നേതൃത്വത്തിലുള്ള സമിതി നിരസിക്കുന്ന പക്ഷം അപ്പീൽ സ്വീകരിച്ച് തീരുമാനം പുനഃപരിശോധിക്കുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണെന്നും ഇത്തരം അപേക്ഷകളിൽ തീരുമാനം എടുക്കുന്നുണ്ടോയെന്നും അറിയിക്കുമോ? | (എ) | കൃഷി ഓഫീസർ കൺവീനറായിട്ടുള്ള പ്രാദേശിക തല നിരീക്ഷണ സമിതിക്ക് ആധികാരികതയുള്ള പ്രദേശത്തെ കൃഷിയോഗ്യമായ നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും വിശദവിവരങ്ങൾ അടങ്ങിയ ഒരു ഡാറ്റാബാങ്ക് സമിതി തയ്യാറാക്കുകയും അപ്രകാരം പ്രദർശിപ്പിക്കുന്ന ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ പ്രകാരം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും 2017 ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ചട്ടങ്ങൾ നിലവിൽ വന്ന തീയതി മുതൽ 180 ദിവസത്തിനുള്ളിൽ കൃഷി ഓഫീസർ കൺവീനറായുള്ള പ്രാദേശികതല നിരീക്ഷണ സമിതി മുമ്പാകെ പുനഃപരിശോധന അപേക്ഷ ഫയൽ ചെയ്യുവാൻ ചട്ടം 4 (6) പ്രകാരം വ്യവസ്ഥയുള്ളതും, ചട്ടം 4 (7) പ്രകാരം മതിയായ കാരണങ്ങളിന്മേൽ പുനഃപരിശോധന അപേക്ഷ സമർപ്പിക്കുന്നതിനുള്ള കാലതാമസം മാപ്പാക്കി പ്രസ്തുത അപേക്ഷകൾ സ്വീകരിക്കുന്നതിന് പ്രാദേശിക തല നിരീക്ഷണ സമിതിക്ക് അധികാരം ഉള്ളതുമാണ്.<br><br>കൂടാതെ, ഡാറ്റാബാങ്കിൽ തെറ്റായി ഉൾപ്പെട്ട വിവരങ്ങൾ കാരണം സങ്കടമനുഭവിക്കുന്ന ഏതൊരാളിനും റവന്യൂ ഡിവിഷണൽ ഓഫീസർക്ക് ഫോറം 5 ലുള്ള അപേക്ഷ സമർപ്പിക്കാവുന്നതുമാണ്.<br><br>ഭൂമിയുടെ സ്വാഭാവ വ്യതിയാനത്തിനായി (തരം മാറ്റത്തിന്) നൽകുന്ന അപേക്ഷകൾ പരിശോധിക്കുന്നതിന് കൃഷി ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരു സമിതി നിലവിൽ ഇല്ലാത്തതാണ്. ആർ ഡി ഒ/ ഡെപ്യൂട്ടി കളക്ടർമാർ വകുപ്പ് 27(എ) (2) പ്രകാരം പുറപ്പെടുവിക്കുന്ന തരംമാറ്റ ഉത്തരവിന്മേൽ ആക്ഷേപമുള്ള പക്ഷം വകുപ്പ് 27 ബി പ്രകാരം 30 ദിവസത്തിനകം ബന്ധപ്പെട്ട ജില്ലാ കളക്ടർക്ക് അപ്പീൽ നൽകാവുന്നതാണ്. ഇപ്രകാരം |

| | | | |
|---|---|---|---|
| | | | ലഭ്യമാകുന്ന അപ്പീലിന്മേൽ അതാത് ജില്ലാ കളക്ടർമാർ കഴിയുന്നത്ര വേഗത്തിൽ നടപടി സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ